വെടിവയ്പ്.

121. [8] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും തോട്ടങ്ങളിൽ മുതലാളിമാരുടെ ഭാഗത്തു നിന്നും തൊഴിലാളികളുടെ നേരെ വെടിവയ്പ് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; അതിന്റെ ഫലമായി എത്ര പേർക്ക് പരുക്ക് പറ്റിയിട്ടുണ്ട്;

(ബി) നെടുമങ്ങാട് മച്ചിസ്റ്റൺ എസ്റ്റേറ്റിൽ മുതലാളിയുടെ ഭാഗത്തുനിന്നും തൊഴിലാളികളുടെ നേർക്ക് വെടിവയ്പ് നടന്നിട്ടുണ്ടോ; എത്ര റൗണ്ട് വെടിവച്ചു; എത്ര പേർക്ക് പരുക്കുപറ്റി; എത്ര പേരെ ആശുപത്രിയിലാക്കി; ഇതു സംബന്ധിച്ചു ആരെയെല്ലാം അറസ്റ്റ് ചെയ്തു;

(സി) വെടിവയ്പിനെ തുടർന്ന് മുതലാളി ലാക്കൗട്ട് നടത്തുകയുണ്ടായോ; ലാക്കൗട്ടിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് ജോലിയില്ലാതായി?

ഉത്തരം.

(എ) ഉണ്ട്. മെർച്ചിസ്റ്റൺ എസ്റ്റേറ്റിലും ചെറുവള്ളി എസ്റ്റേറ്റിലും, ഓരോ സ്ഥലത്തും രണ്ടുപേർക്കുവീതം (ആകെ നാലുപേർക്ക്) പരുക്ക് പറ്റി.

(ബി) ഉണ്ട്. ആകാശത്തേയ്ക്ക് അഞ്ചും, ലഹളക്കാരുടെ നേർക്ക് മൂന്നും ഉൾപ്പെടെ എട്ട് ചുറ്റ് വെടിവച്ചു. രണ്ടുപേർക്ക് മുറിവേറ്റു. മുറിവേറ്റ രണ്ടുപേരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വെടിവയ്പ് സംബന്ധിച്ച് എസ്റ്റേറ്റുമാനേജരെ അറസ്റ്റു ചെയ്തു.

(സി) ഫെബ്രുവരി ഒന്നാംതീയതി മുതൽ 23-ാം തീയതി വരെ ലാക്കൗട്ടുണ്ടായിരുന്നു. ഇതുമൂലം ഉദ്ദേശം അഞ്ഞൂറ് തൊഴിലാളികൾക്ക് തൊഴിലില്ലാതായി.

വെടി വയ്പ്

122. [10] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1947 ആഗസ്റ്റ് 15-ാംതീയതിക്കു ശേഷം ഇന്നുവരെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ജനങ്ങളുടെനേരെ പോലീസ് എത്ര പ്രാവശ്യം വെടിവെയ്പ് നടത്തിയിട്ടുണ്ട്;

(ബി) ഈ വെടിവെയ്പുകളിലെല്ലാം കൂടി എത്ര പേർ മൃതിയടഞ്ഞിട്ടുണ്ട്. എത്രപേർക്കു മാരകരീതിയിൽ അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്;

(സി) ഈ വെടിവെയ്പുകളിൽ ഏതിലെങ്കിലും മൃതിപ്പെട്ടിട്ടുള്ളവരുടെ ബന്ധുക്കൾക്കോ മാരകമായ അപകടം പറ്റീട്ടുള്ളവർക്കോ എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) വെടിവെയ്പു നടത്തുന്നതിനുമുമ്പായി എത്ര സ്ഥലങ്ങളിൽ ടിയർ ഗ്യാസ് പ്രയോഗിക്കുകയോ ലാത്തിച്ചാർജ്ജ് നടത്തുകയോ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly